**മധുരമായ കുട്ടികളേ - അന്തർമുഖിയായിരിക്കൂ അതായത് മൗനം പാലിക്കൂ, വായിലൂടെ ഒന്നും സംസാരിക്കേണ്ടതില്ല, ഓരോ കാര്യവും ശാന്തിയോടെ ചെയ്യൂ, ഒരിക്കലും അശാന്തി പരത്തരുത്.**

**ചോദ്യം -** നിങ്ങൾ കുട്ടികളെ ദരിദ്രമാക്കിമാറ്റുന്ന ഏറ്റവും വലിയ ശത്രു ആരാണ്?
**ഉത്തരം -** ക്രോധം. ഇങ്ങനെപറയാറുണ്ട്, എവിടെ ക്രോധമുണ്ടോ അവിടെ കുടത്തിലെ വെള്ളം പോലും വറ്റിപ്പോകുന്നു. വജ്ര-വൈഡൂര്യങ്ങളാൽ നിറഞ്ഞിരുന്ന ഭാരതത്തിലെ കുടം, ഈ ഭൂതം കാരണമാണ് കാലിയായിത്തീർന്നത്. ഈ ഭൂതങ്ങളാണ് നിങ്ങളെ ദരിദ്രമാക്കിമാറ്റിയത്. ക്രോധിയായ മനുഷ്യൻ സ്വയം ചൂടാകുകയും മറ്റുള്ളവരെ ചൂടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇപ്പോൾ ഈ ഭൂതത്തെ അന്തർമുഖി യായി ഇല്ലാതാക്കൂ.

**ഓംശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് - മധുരമായ കുട്ടികളേ, അന്തർമുഖിയാകൂ. അന്തർമുഖത അർത്ഥം ഒന്നും തന്നെ സംസാരിക്കരുത്. സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഇത് ബാബ കുട്ടികൾക്കു നൽകുന്ന പഠിപ്പാണ്. ഇതിൽ വേറൊന്നും തന്നെ പറയേണ്ടതില്ല. കേവലം മനസ്സിലാക്കിത്തരുന്നു. ഇങ്ങനെ വേണം ഗൃഹസ്ഥ വ്യവഹാരത്തിലും വസിക്കാൻ. ഇതാണ് മന്മനാഭവ. എന്നെ ഓർമ്മിക്കണം, ഇതാണ് ആദ്യത്തെ മുഖ്യമായ പോയിന്റ്. നിങ്ങൾ കുട്ടികൾക്ക് വീട്ടിലും ക്രോധിക്കുവാൻ പാടില്ല. ക്രോധം ഇങ്ങനെയാണ്, മൺപാത്രത്തിലെ വെള്ളത്തെപ്പോലും വറ്റിക്കുന്നു. ക്രോധിയായ മനുഷ്യർ അശാന്തി വ്യാപിപ്പിക്കുന്നു. അതുകൊണ്ട് ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ടും ശാന്തിയോടെയിരിക്കണം. ഭോജനം കഴിച്ച് തന്റെ ജോലിസ്ഥലത്തേക്ക് അഥവാ ഓഫീസിലേക്ക് പോകണം. അവിടെയും ശാന്തിയിലിരിക്കുന്നതാണ് നല്ലത്. എല്ലാവരും പറയുന്നു ഞങ്ങൾക്ക് ശാന്തി വേണമെന്ന്. ഇത് കുട്ടികൾക്ക് മനസ്സിലാക്കിത്തന്നു ശാന്തിയുടെ സാഗരൻ ഒരേയൊരു ബാബയാണെന്ന്. ബാബ തന്നെയാണ് നിർദ്ദേശം നൽകുന്നത് എന്നെ ഓർമ്മിക്കൂ എന്ന്. ഇതിൽ ഒന്നും തന്നെ പറയേണ്ടതായിട്ടില്ല. അന്തർമുഖിയായിരിക്കണം. ഓഫീസിൽ തന്റെ ജോലിയും ചെയ്യണം, ഇതിൽ കൂടുതൽ സംസാരിക്കേണ്ടതായ ആവശ്യമില്ല. വളരെയധികം മധുരമായിരിക്കണം. ആർക്കും ദുഖം കൊടുക്കരുത്. കലഹിക്കുക ഇതെല്ലാം തന്നെ ക്രോധമാണ്, ഏറ്റവും വലിയ ശത്രുവാണ് കാമം. രണ്ടാമത്തെ നമ്പറിൽ ക്രോധം വരുന്നു. ഇത് പരസ്പരം മറ്റുള്ളവർക്ക് ദുഖം നൽകുന്നു. ക്രോധത്തിലൂടെ എത്ര യുദ്ധമാണ് ഉണ്ടാകുന്നത്. കുട്ടികൾക്ക് അറിയാം സത്യയുഗത്തിൽ യുദ്ധമുണ്ടാവുകയില്ല. ഇതെല്ലാം തന്നെ രാവണത്വത്തിന്റെ അടയാളമാണ്. ക്രോധിക്കുന്നവരെ ആസുരീയ സമ്പ്രദായത്തിലുള്ളവർ എന്നാണ് പറയുന്നത്. ഭൂതത്തിന്റെ പ്രവേശനമല്ലേ. നിങ്ങൾക്ക് ഒന്നും തന്നെ തിരിച്ച് പറയേണ്ടതായ കാര്യമില്ല കാരണം ലോകത്തിലെ മനുഷ്യർക്ക് ജ്ഞാനമില്ല. അവർ ക്രോധിക്കുക തന്നെ ചെയ്യും. ക്രോധിക്കുന്നവരോടൊപ്പം ക്രോധിക്കുവാൻ പോയാൽ യുദ്ധമുണ്ടാകും. ബാബ മനസ്സിലാക്കിത്തരുന്നു ഇത് വളരെയധികം കടുത്ത ഭൂതമാണ്. ഇതിനെ യുക്തിയോടെ ഓടിക്കണം. വായിലൂടെ ഏതൊരു കടുത്ത വാക്കുകളും വീഴരുത്. ഇത് വളരെയധികം നിങ്ങളെ ബുദ്ധിമുട്ടിക്കുന്നു. ക്രോധത്തിലൂടെത്തന്നെയാണ് വിനാശവും സംഭവിക്കുന്നത്. ഏതൊരു വീട്ടിലാണോ ക്രോധമുള്ളത്, അവിടെ വളരെയധികം അശാന്തിയും ഉണ്ടാകുന്നു. ക്രോധിച്ചു എങ്കിൽ നിങ്ങൾ ബാബയുടെ പേര് മോശമാക്കുകയാണ്. ഈ ഭൂതങ്ങളെയെല്ലാം തന്നെ ഓടിക്കണം. ഒരു പ്രാവശ്യം നിങ്ങൾ ഓടിക്കുകയാണെങ്കിൽ പിന്നീട് അരക്കല്പത്തേക്ക് ഈ ഭൂതങ്ങൾ വരുകയില്ല. ഈ അഞ്ചു വികാരങ്ങൾക്കും ഇപ്പോൾ പൂർണ്ണ ശക്തിയാർജ്ജിച്ചിരിക്കുകയാണ്. എപ്പോഴാണോ വികാരങ്ങൾ പരിപൂർണ്ണ ശക്തി പ്രാപിക്കുന്നത്, ആ സമയത്താണ് ബാബ വരുന്നത്. ഈ കണ്ണുകൾ വളരെയധികം ക്രിമിനലാണ്( വികാരിയാണ്). നാവും ക്രിമിനലാണ്. ഉച്ചത്തിൽ സംസാരിക്കുന്നതിലൂടെ മനുഷ്യൻ ചൂടുപിടിക്കുന്നു വീടിനെയും ചൂടുപിടിപ്പിക്കുന്നു. കാമവും ക്രോധവും ഏറ്റവും വലിയ ശത്രുവാണ്. ക്രോധിക്കുന്നവർക്കും ബാബയെ ഓർമ്മിക്കുവാൻ സാധിക്കുകയില്ല. ഓർമ്മിക്കുന്നവർ എപ്പോഴും ശാന്തിയോടെയിരിക്കുന്നു. തന്റെ ഹൃദയത്തോട് ചോദിക്കണം - എന്റെയുള്ളിൽ ഏതെങ്കിലും ഭൂതമുണ്ടോ? മോഹത്തിന്റെയും ലോഭത്തിന്റെയും ഭൂതവുമുണ്ട്. ലോഭത്തിന്റെ ഭൂതവും ചെറുതൊന്നുമല്ല. ഇതെല്ലാം തന്നെ ഭൂതങ്ങളാണ്, കാരണം രാവണ സൈന്യമാണ്.

ബാബ കുട്ടികൾക്ക് ഓർമ്മയുടെ യാത്രയാണ് പഠിപ്പിക്കുന്നത്. പക്ഷേ കുട്ടികൾ ഇതിൽ വളരെ ആശയക്കുഴപ്പത്തിലാണ്. മനസ്സിലാക്കുന്നില്ല, കാരണം ധാരാളം ഭക്തി ചെയ്തിട്ടുണ്ട്. ഭക്തി ദേഹാഭിമാനമാണ്. അരക്കല്പം ദേഹാഭിമാനത്തിലായിരുന്നു. ബാഹർമുഖത കാരണം സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കിയി

രുന്നില്ല. ബാബ ഇത് വളരെ ഊന്നിപ്പറയുകയാണ്, സ്വയം ആത്മാവെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ എന്ന്. പക്ഷേ അതുപോലെ ചെയ്യുന്നില്ല. മറ്റെല്ലാ കാര്യങ്ങളും അംഗീകരിക്കുന്നുണ്ട്. പിന്നീട് പറയുന്നു, എങ്ങനെ ഓർമ്മിക്കുമെന്ന്. ഒരു വസ്തും കാണപ്പെടുന്നില്ലല്ലോ. അവർക്ക് മനസ്സിലാക്കി കൊടുക്കണം സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ എന്ന്. ഇതും അറിയാം ബാബ പരിധിയില്ലാത്ത അച്ഛനാണെന്ന്. വായിലൂടെ ശിവ-ശിവ എന്നു പറയേണ്ടതായ ആവശ്യമില്ല. ഞാൻ ആത്മാവാണെന്നുള്ള കാര്യം ഉള്ളില റിഞ്ഞാൽ മതി. മനുഷ്യർ ശാന്തി ആഗ്രഹിക്കുന്നു, ശാന്തിയുടെ സാഗരൻ പരമാത്മാവു തന്നെയാണ്. തീർച്ചയായും സമ്പത്തു നൽകുന്നതും ബാബ തന്നെയാണ്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു എന്നെ ഓർമ്മിക്കൂ എന്നാൽ ശാന്തി ലഭിക്കുന്നു. ജന്മജന്മാന്തരത്തിലെ വികർമ്മവും നശിക്കും. ബാക്കി ബാബ ഇത്രയ്ക്കും വലിയ സാധനമല്ല, വലിയ ലിംഗമൊന്നുമല്ല. ആത്മാവ് ചെറുതായതു പോലെ ബാബയും ചെറുതാണ്. എല്ലാവരും ഓർമ്മിക്കുന്നുണ്ട് – അല്ലയോ ഭഗവാനേ, അല്ലയോ ഈശ്വരാ... ആരാണ് പറയു ന്നത്? ആത്മാവാണ് പറയുന്നത്, തന്റെ അച്ഛനെ ഓർമ്മിക്കുന്നു. അപ്പോൾ ബാബ കുട്ടികളോട് പറയുന്നു – മന്മനാഭവ. മധുരമധുരമായ കുട്ടികളേ, അന്തർമുഖിയായിരിക്കണം. എന്തെല്ലാമാണോ കാണുന്നത്, അതെല്ലാം തന്നെ നശിക്കാൻ പോവുകയാണ്. ബാക്കി ആത്മാവ് ശാന്തിയിലിരിക്കും. ആത്മാവിന് ശാന്തി ധാമത്തിലേക്ക് പോകണം. ഏതുവരെ ആത്മാവ് പവിത്രമാകുന്നില്ലയോ അതുവരെയ്ക്കും ശാന്തിധാമത്തി ലേക്ക് പോകാൻ സാധിക്കില്ല. ഋഷി-മുനിമാരെല്ലാവരും പറയുന്നു, എങ്ങനെ ശാന്തി ലഭിക്കും. ബാബ സഹജ യുക്തിയാണ് പറഞ്ഞു തരുന്നത്. പക്ഷേ കുട്ടികളിൽ പലർക്കും ശാന്തിയിലിരിക്കുവാൻ സാധിക്കു ന്നില്ല. ബാബയ്ക്കറിയാം വീടുകളിൽ ഇരുന്നുകൊണ്ടും ശാന്തമായിരിക്കുന്നില്ല. സെന്ററുകളിൽ കുറച്ചു സമയം പോകുന്നുണ്ടെങ്കിലും ഉള്ളിൽ ശാന്തമായി ബാബയെ ഓർമ്മിക്കുന്നേയില്ല. മുഴുവൻ ദിവസവും വീടുകളിൽ പ്രശ്നങ്ങളുണ്ടാക്കി കൊണ്ടിരിക്കുന്നു. അങ്ങനെയുള്ളവർക്ക് സെന്ററുകളിൽ വന്നാലും ശാന്ത മായിരിക്കുവാൻ സാധിക്കില്ല. ആരുടെയെങ്കിലും ദേഹത്തോട് സ്നേഹം തോന്നിയാൽ അവരുടെ മന സ്സിന് ഒരിക്കലും ശാന്തിയോടെയിരിക്കുവാൻ സാധിക്കില്ല. അവരുടെ മാത്രം ഓർമ്മ വന്നുകൊണ്ടിരി ക്കും. ബാബ മനസ്സിലാക്കിത്തരുന്നു, മനുഷ്യരിൽ അഞ്ചു ഭൂതങ്ങളുണ്ട്. പറയാറുണ്ടല്ലോ ഇവരിൽ ഭൂതം പ്രവേശിച്ചിട്ടുണ്ടെന്ന്. ഈ ഭൂതങ്ങൾ തന്നെയാണ് നിങ്ങളെ ദരിദ്രരാക്കി മാറ്റിയത്. സാധാരണ ഒരു ഭൂതമേ മറ്റുള്ളവരിൽ പ്രവേശിക്കാറുള്ളൂ, പക്ഷേ ഇവിടെ ബാബ പറയുന്നു, അഞ്ചു ഭൂതങ്ങൾ ഓരോരുത്തരിലും പ്രവേശിച്ചിട്ടുണ്ട്. ഈ ഭൂതങ്ങളെ അകറ്റുന്നതിനായാണ് വിളിച്ചുകൊണ്ടിരിക്കുന്നത്. ബാബാ വന്ന് ഞങ്ങൾക്ക് ശാന്തി നൽകൂ, ഈ ഭൂതങ്ങളെ ഓടിക്കാനുള്ള യുക്തി നൽകൂ. ഈ ഭൂതങ്ങൾ എല്ലാവരിലും ഉണ്ട്. ഇത് രാവണരാജ്യമാണ്. ഏറ്റവും വലിയ ഭൂതമാണ് കാമവും ക്രോധവും. ബാബ വന്ന് ഭൂതങ്ങളെ ഓടിക്കുന്നു എങ്കിൽ അതിനു പകരമായി എന്തെങ്കിലും ലഭിക്കണമല്ലോ. മറ്റുള്ളവർ ഭൂത-പ്രേതങ്ങളെ ഓടിക്കുന്നു, പക്ഷേ ഒന്നും തന്നെ ലഭിക്കുന്നില്ല. ഇത് കുട്ടികൾക്ക് അറിയാം ബാബ വന്നിരിക്കുന്നതു തന്നെ മുഴുവനും വിശ്വത്തിൽ നിന്നും ഭൂതങ്ങളെ ഓടിക്കാനാണ്. ഇപ്പോൾ മുഴുവനും വിശ്വത്തിൽ എല്ലാവരിലും ഭൂതങ്ങ ളുടെ പ്രവേശനമുണ്ട്. ദേവതകളിൽ ഏതൊരു ഭൂതങ്ങളുമില്ല. ദേഹാഭിമാനത്തിന്റെയോ, കാമത്തിന്റെയോ, ക്രോധത്തിന്റെയോ ലോഭത്തിന്റെയോ മോഹത്തിന്റെയോ..... ഒരു ഭൂതവും ഉണ്ടാവുകയില്ല. ലോഭത്തിന്റെ ഭൂതവും ഒട്ടും കുറവല്ല. ഈ മുട്ട കഴിക്കണം, അത് കഴിക്കണം...... പലരിലും ഈ ഭൂതങ്ങളുണ്ട്. തന്റെ ഹൃദയത്തിൽ നിന്നും മനസ്സിലാക്കുന്നുണ്ടാവും- എന്നിൽ കാമത്തിന്റെ ഭൂതമുണ്ട്, ക്രോധത്തിന്റെ ഭൂതമു ണ്ട്. ഈ ഭൂതങ്ങളെ ഇല്ലാതാക്കുന്നതിനായി ബാബ എത്രയാണ് തലയിട്ടുടയ്ക്കുന്നത്. ദേഹാഭിമാനത്തി ലേക്കു വരുന്നതിലൂടെ ഉള്ളിൽ വികാരത്തിന്റെ ചിന്തകൾ ഉണ്ടാകുന്നു. പിന്നീട് സമ്പാദ്യം മുഴുവനും ഇല്ലാതാകുന്നു. ക്രോധിക്കുന്നവരുടെയും അവസ്ഥയും ഇതുതന്നെയാണ്. ക്രോധത്തിലേക്കു വന്ന് അച്ഛൻ കുട്ടികളെ മർദ്ദിക്കുന്നു, കുട്ടികൾ അച്ഛനെ തല്ലുന്നു, പത്നി പതിയെ മർദ്ദിക്കുന്നു. ജയിലിൽ പോയി നോക്കുകയാണെങ്കിൽ അറിയാൻ സാധിക്കുന്നു, എന്തെല്ലാം കേസുകളാണെന്ന്. ഈ ഭൂതങ്ങൾ പ്രവേശി ച്ചതു കാരണം ഭാരതത്തിന്റെ അവസ്ഥ എന്തായിത്തീർന്നിരിക്കുകയാണ്. സ്വർണ്ണ-വജ്രങ്ങളാൽ നിറഞ്ഞി രുന്ന ഭാരതത്തിന്റെ വലിയ കുടം ഇപ്പോൾ കാലിയായി. ക്രോധം കാരണത്താൽ ഇങ്ങനെ പറയാറുണ്ട്, വെള്ളം നിറച്ച മൺകുടം പോലും വറ്റുമെന്ന്. ഈ ഭാരതത്തിന്റെ അവസ്ഥയും അതുപോലെയായിത്തീർന്നി രിക്കുകയാണ്. ഇതും ആർക്കും തന്നെ അറിയില്ല. ബാബ തന്നെയാണ് ഭൂതങ്ങളെ ഇല്ലാതാക്കാനായി വന്നിരിക്കുന്നത്. ഇത് മറ്റൊരു മനുഷ്യർക്കും ഇല്ലാതാക്കാൻ സാധിക്കില്ല. ഈ അഞ്ചു ഭൂതങ്ങളും വളരെ യധികം ശക്തിശാലിയാണ്. അരക്കല്പത്തോളം ഇവരുടെ പ്രവേശനമുണ്ടായിരുന്നു. ഈ സമയത്തെ ക്കാര്യം ഒന്നും പറയാതിരിക്കുകയാണ് നല്ലത്. ആരെങ്കിലും പവിത്രമായിരിക്കുന്നുണ്ടെങ്കിലും ജന്മം വികാ രത്തിലൂടെത്തന്നെയാവുമല്ലോ. ഭൂതങ്ങളല്ലേ. അഞ്ചു ഭൂതങ്ങളും ഭാരതത്തെ തീർത്തും ദരിദ്രമാക്കി മാറ്റി. ഡ്രാമ എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളതെന്ന് ബാബ മനസ്സിലാക്കിത്തരുകയാണ്. ഭാരതം ഇത്രയ്ക്കും ദരിദ്രമായിത്തീർന്നു, ഇപ്പോഴും പുറമെ നിന്നും കടം എടുത്തുകൊണ്ടിരിക്കുകയാണ്. ഭാരതത്തെ പ്രതി തന്നെയാണ് ബാബ മനസ്സിലാക്കിത്തരുന്നത്, ഈ പഠിപ്പിലൂടെ ഭാരതം തന്നെയാണ് ഇത്രയ്ക്കും ധനവാ

നായിത്തീരുന്നത്. ഈ അവിനാശിയായ പഠിപ്പ് അവിനാശിയായ അച്ഛനാണ് പഠിപ്പിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ എത്ര സാമഗ്രികളാണ്. ബാബ ചെറുപ്പം മുതൽക്കു തന്നെ ഗീത പഠിക്കുമായിരുന്നു, നാരായണനെ പൂജിക്കുമായിരുന്നു. പക്ഷേ ഒന്നും തന്നെ അറിഞ്ഞിട്ടില്ല. ഞാൻ ആത്മാവാണ്, ബാബ നമ്മുടെ അച്ഛനാണ്, ഇതൊന്നും തന്നെ മനസ്സിലായിരുന്നില്ല, അതുകൊണ്ടാണ് ചോദിക്കുന്നത് എങ്ങനെ ഓർമ്മിക്കുമെന്ന്? നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ഓർമ്മിച്ചു വന്നു- അല്ലയോ ഭഗവാനേ വരൂ, മുക്തമാക്കൂ, നമ്മുടെ വഴികാട്ടിയായിത്തീരൂ. മുക്തി-ജീവന്മുക്തിയ്ക്കു വേണ്ടിയാണ് വഴികാട്ടി. ബാബ ഈ പഴയ ലോകത്തോട് വെറുപ്പ് വെക്കാൻ പറയുകയാണ്. ഈ സമയം എല്ലാവരുടെയും ആത്മാക്കൾ കറുത്തതാണ്(തമോപ്രധാനമാണ്), അപ്പോൾ അവർക്ക് എങ്ങനെ വെളുത്ത(സതോപ്രധാനമായ) ശരീരം ലഭിക്കും. പുറമെയുള്ള തൊലി എത്രതന്നെ വെളുത്തതാണെങ്കിലും അതിനകത്തിരിക്കുന്ന ആത്മാവ് കറുത്തതാണ്. ആർക്കാണോ വെളുത്ത സൗന്ദര്യമുള്ള ശരീരമുള്ളത്, അവർക്ക് അതിന്റെ അഹങ്കാരം എത്രത്തോളം ഉണ്ടായിരിക്കും. ആത്മാവിനെ എങ്ങനെ വെളുത്തതാക്കി മാറ്റുമെന്ന് അവർക്ക് അറിയില്ല. അതുകൊണ്ടാണ് അവരെ നാസ്തികരെന്നു പറയുന്നത്. ആർക്കാണോ തന്റെ രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചുമുള്ള പരിചയമില്ലാത്തത്, അവർ നാസ്തികരാണ്. അറിയുന്നവർ ആസ്തികരാണ്. ബാബ എത്ര നല്ല രീതിയിലാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. ഓരോരുത്തരും തന്റെ ഹൃദയത്തിനോട് ചോദിക്കൂ- എന്നിൽ എത്രത്തോളം ശുദ്ധതയുണ്ട്. എത്രത്തോളം സ്വയം ആത്മാവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നുണ്ട്. ഓർമ്മയുടെ ബലത്തിലൂടെത്തന്നെ രാവണന്റെ മേൽ വിജയം പ്രാപ്തമാക്കണം. ഇതിൽ ശരീരത്തിന്റെ ബലത്തിന്റെ കാര്യമില്ല. ഈ സമയം ഏറ്റവും കൂടുതൽ ശക്തിശാലി അമേരിക്കയാണ്, കാരണം അവരിൽ ധനം, സമ്പത്ത്, തോക്കുകൾ എല്ലാമുണ്ട്, അപ്പോൾ അവർക്ക് യുദ്ധം ചെയ്യാനുള്ള ഭൗതികമായ ശക്തി ധാരാളമുണ്ട്. നമ്മുടെ ബുദ്ധിയിലുണ്ട് നമുക്കാണ് വിജയമെന്ന്. നിങ്ങളുടേത് ആത്മീയ ബലമാണ്, നിങ്ങൾ രാവണന്റെ മേലാണ് വിജയം പ്രാപ്തമാക്കുന്നത്. ഇതിലൂടെ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായിത്തീരുന്നു. നിങ്ങൾക്കു മേൽ ആർക്കും വിജയം പ്രാപ്തമാക്കാൻ സാധിക്കില്ല. അരക്കല്പത്തേക്കു ആർക്കും തട്ടിയെടുക്കാൻ സാധിക്കില്ല. മറ്റാർക്കും തന്നെ ബാബയുടെ സമ്പത്ത് ലഭിക്കില്ല. നിങ്ങൾ എന്തായിത്തീരുമെന്ന് ചിന്തിച്ചുനോക്കൂ. ബാബയെ വളരെയധികം സ്നേഹത്തോടെ ഓർമ്മിക്കണം, സ്വദർശന ചക്രധാരിയായിത്തീരണം. മറ്റുള്ളവർ മനസ്സിലാക്കുന്നു, സ്വദർശനചക്രം ഉപയോഗിച്ച് വിഷ്ണു എല്ലാവരുടെയും ശിരസ്സിനെ അറുത്തു എന്ന്. പക്ഷേ ഇതിൽ ഹിംസകമായ യാതൊരു കാര്യം തന്നെയില്ല.

അപ്പോൾ മധുര-മധുരമായ കുട്ടികളോട് ബാബ പറയുകയാണ്, മധുരമായ കുട്ടികളേ നിങ്ങൾ ആദ്യം ആരായിരുന്നു, ഇപ്പോൾ നിങ്ങളുടെ അവസ്ഥയെ ഒന്നു നോക്കൂ. നിങ്ങൾ എത്ര തന്നെ ഭക്തിയെല്ലാം തന്നെ ചെയ്തു എങ്കിലും നിങ്ങളിലെ ഭൂതത്തെ ഇല്ലാതാക്കാൻ സാധിച്ചില്ല. ഇപ്പോൾ അന്തർമുഖിയായിരുന്നുകൊണ്ട് നോക്കൂ, എന്നിൽ ഏതെങ്കിലും ഭൂതമുണ്ടോ? ആരോടെങ്കിലും പ്രീതിയുണ്ടായി അവരുമായി വികാരി ബന്ധത്തിൽ വരുകയാണെങ്കിൽ മനസ്സിലാക്കിക്കോളൂ സമ്പാദ്യം മുഴുവനും നഷ്ടപ്പെട്ടു. അവരുടെ മുഖത്തു നോക്കുന്നതു പോലും നല്ലതല്ല. അവർ സ്വച്ഛമല്ല, അവരെ സ്പർശിക്കാൻ പോലും പാടില്ല. അവരുടെ ഹൃദയത്തിലും ആ വേദനയുണ്ടാവും ഞാൻ സ്പർശിക്കാൻ പോലും യോഗ്യതയില്ലാത്തതായിത്തീർന്നില്ലേ എന്ന്. ബാബ പറയുന്നു, ദേഹസഹിതം എല്ലാം തന്നെ മറന്ന് സ്വയം ആത്മാവെന്നു മനസ്സിലാക്കൂ എന്ന്. ഈ അവസ്ഥയിലൂടെ മാത്രമേ ദേവതയായി മാറുവാൻ സാധിക്കൂ. അപ്പോൾ ഒരു ഭൂതം പോലും വരുവാൻ പാടില്ല. അതുകൊണ്ടാണ് അവനവനെ പരിശോധിക്കൂ എന്ന് ഇടയ്ക്കിടെ മനസ്സിലാക്കിത്തരുന്നത്. വളരെയധികം പേരിലും ക്രോധമുണ്ട്, അവർക്ക് ആരെയെങ്കിലും ആക്ഷേപിക്കാതിരിക്കാൻ സാധിക്കില്ല, പിന്നീട് കലഹം ആരംഭിക്കുന്നു. ക്രോധം വളരെയധികം മോശമാണ്. ഭൂതങ്ങളെയെല്ലാം തന്നെ ഓടിച്ച് വളരെ ശുദ്ധമായിത്തീരണം. ഈ ശരീരത്തെപ്പോലും ഓർമ്മവരരുത്, അപ്പോഴെ ഉയർന്ന പദവി നേടാൻ സാധിക്കൂ അതുകൊണ്ടാണ് അഷ്ട രത്നങ്ങളുടെ മാത്രം മഹിമയുള്ളത്. നിങ്ങൾക്ക് ജ്ഞാന രത്നങ്ങൾ തന്നെ ലഭിക്കുന്നത്, രത്നമായിത്തീരുന്നതിനാണ്. ഇങ്ങനെയൊരു മഹിമയുണ്ട് ഭാരതത്തിൽ 33 കോടി ദേവീദേവന്മാരുണ്ടെന്ന്. പക്ഷേ അതിൽ എട്ടു പേർ പദവിയോടുകൂടി പാസാകുന്നവരാണ്. അവർക്കു മാത്രമേ സമ്മാനം ലഭിക്കൂ. എങ്ങനെയാണോ സ്കോളർഷിപ്പ് ലഭിക്കുന്നത്. നിങ്ങൾക്ക് അറിയാം ലക്ഷ്യം വളരെയധികം ഉയർന്നതാണെന്ന്. മുന്നോട്ടു പോകവേ വീഴാൻ സാധ്യതയുണ്ട്. ഭൂതങ്ങൾ പ്രവേശിക്കുന്നു. സത്യയുഗത്തിൽ വികാരങ്ങൾ ഉണ്ടാവുകയില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുഴുവനും ഡ്രാമയുടെ ചക്രവും കറങ്ങണം.

നിങ്ങൾക്ക് അറിയാം 5000 വർഷങ്ങളിൽ എത്ര മാസങ്ങളുണ്ട്, എത്ര മണിക്കൂറുകളുണ്ട്, സെക്കന്റുകളുണ്ട്. ആർക്കു വേണമെങ്കിലും കണക്കെടുക്കാൻ സാധിക്കും. പിന്നീട് ഈ വൃക്ഷത്തിലും എഴുതണം, കല്പത്തിൽ ഇത്ര വർഷങ്ങളുണ്ട്, ഇത്ര മാസങ്ങളുണ്ട്, ഇത്ര ദിവസങ്ങളുണ്ട്, ഇത്ര മണിക്കൂറുകളുണ്ട്,

സെക്കന്റുകളുണ്ട്. മനുഷ്യർ ഇതുകണ്ട് പറയും ഇവർ തീർത്തും കൃത്യമായാണ് പറയുന്നതെന്ന്. 84 ജന്മങ്ങളുടെ കണക്ക് പറയുന്നു. അപ്പോൾ എന്തുകൊണ്ട് കല്പത്തിലെ ആയുസ്സിന്റെ കണക്കിനെക്കുറിച്ച് പറയുന്നില്ല. കുട്ടികൾക്ക് മുഖ്യമായ കാര്യത്തെക്കുറിച്ച് പറഞ്ഞു തന്നു കഴിഞ്ഞു, എങ്ങനെയെങ്കിലും ഭൂതങ്ങളെ ഓടിക്കണമെന്ന്. ഈ ഭൂതങ്ങളാണ് നിങ്ങളുടെ സത്യനാശം ചെയ്തത്. എല്ലാ മനുഷ്യരിലും ഭൂതങ്ങളുണ്ട്. എല്ലാവരുടെയും ജന്മം ഭ്രഷ്ടാചാരത്തിലൂടെയാണ്. സത്യയുഗത്തിൽ ഭ്രഷ്ടാചാരമുണ്ടാവുകയില്ല. രാവണനുണ്ടാവുകയില്ല. രാവണനെ ആർക്കും തന്നെ അറിയില്ല. നിങ്ങൾ രാവണന്റെ മേൽ വിജയിച്ചാൽ പിന്നീട് രാവണൻ തന്നെ ഉണ്ടായിരിക്കില്ല. ഇപ്പോൾ പുരുഷാർത്ഥം ചെയ്യൂ. ബാബ വന്നിരിക്കുകയാണ് എങ്കിൽ തീർച്ചയായും ബാബയുടെ സമ്പത്തും ലഭിക്കണം. നിങ്ങൾ എത്ര പ്രാവശ്യം ദേവതയായിത്തീരുന്നു, എത്ര പ്രാവശ്യം അസുരനായി മാറുന്നു എന്നതിന്റെ കണക്കെടുക്കാൻ സാധിക്കില്ല. എണ്ണമറ്റ തവണ ആയിട്ടുണ്ടാവും. ശരി കുട്ടികളേ, ശാന്തിയോടെയിരിക്കുകയാണെങ്കിൽ ഒരിക്കലും ക്രോധം വരുകയില്ല. ബാബ എന്ത് പഠിപ്പാണോ നൽകുന്നത്, അതിനെ പ്രയോഗത്തിലേക്ക് കൊണ്ടുവരണം. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക്  നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. സ്വയം സ്വയത്തോട് ചോദിക്കണം – നമ്മുടെ ഉള്ളിൽ ഭൂതങ്ങളൊന്നുമില്ലല്ലോ? കണ്ണുകൾ ക്രിമിനലാകുന്നില്ലല്ലോ? ഉച്ചത്തിൽ സംസാരിക്കുകയും അശാന്തി പരത്തുകയും ചെയ്യുന്ന സംസ്കാരമില്ലല്ലോ? ലോഭത്തിന്റെയും മോഹത്തിന്റെയും വികാരം ബുദ്ധിമുട്ടിക്കുന്നില്ലല്ലോ?

2. ഏതൊരു ദേഹധാരിയോടും ഹൃദയത്തിന്റെ പ്രീതി വെക്കരുത്. ദേഹസഹിതം എല്ലാം തന്നെ മറന്ന് ഓർമ്മയുടെ യാത്രയിലൂടെ സ്വയത്തിൽ ആത്മീയ ബലം നിറയ്ക്കണം. ഒരു തവണ ഭൂതങ്ങളെ ഓടിച്ച് അരക്കല്പത്തേക്ക് അതിൽ നിന്നും മുക്തി നേടണം.

## വരദാനം – ഈശ്വരീയ വിധിവിതാനത്തെ മനസിലാക്കി വിധിയിലൂടെ സിദ്ധിയെ പ്രാപ്തമാക്കുന്ന ഫസ്റ്റ് ഡിവിഷന്റെ അധികാരിയായി ഭവിക്കട്ടെ.

ഒരു ചുവടിന്റെ ധൈര്യമെങ്കിൽ കോടി ചുവടുകളുടെ സഹായം, ഡ്രാമയിൽ ഈ വിധിയുടെ വിതാനം അടങ്ങിയിരിക്കുന്നു. അഥവാ ഈ വിധി വിതാനത്തിലുണ്ടായിരുന്നില്ലെങ്കിൽ എല്ലാവരും വിശ്വത്തിന്റെ ആദ്യ രാജാവാകുന്നു. യഥാക്രമമാകുന്നതിന്റെ വിധിവിതാനം ഈ വിധിയുടെ കാരണത്താൽ ഉണ്ടാകുന്നതാണ്. അപ്പോൾ എത്രത്തോളം ആഗ്രഹിക്കുന്നുവോ ധൈര്യം വെക്കൂ സഹായമെടുക്കൂ. സമർപ്പിതമായിക്കോട്ടെ, ഗൃഹസ്ഥിയായിക്കോട്ടെ – അധികാരം സമാനമാണ് എന്നാൽ വിധിയിലൂടെയാണ് സിദ്ധി. ഈ ഈശ്വരീയവിതാനത്തെ മനസിലാക്കി ആലസ്യത്തിന്റെ ലീലയെ സമാപ്തമാക്കൂ എങ്കിൽ ഫസ്റ്റ് ഡിവിഷന്റെ അധികാരം ലഭിക്കും.

### സ്ലോഗൻ –സങ്കൽപത്തിന്റെ ഖജനാക്കളെ പ്രതി എക്കോണമിയുടെ അവതാരമാകൂ